# അല്ലാഹു അല്ലാത്തവർക്ക് ബലി നൽകിയ സ്ഥലത്തുപോലും അല്ലാഹുവിന് ബലി നൽകുവാൻ പാടില്ല

അല്ലാഹു ﷻ പറഞ്ഞു:

﴿ لَا تَقُمْ فِيهِ أَبَدًا ۚ لَّمَسْجِدٌ أُسِّسَ عَلَى ٱلتَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟ ۚ وَٱللَّهُ يُحِبُّ ٱلْمُطَّهِّرِينَ ﴾

((നബിയേ,) നീ ഒരിക്കലും അതിൽ നമസ്കാരത്തിന് നിൽക്കരുത്. ആദ്യദിവസം മുതൽ തന്നെ ഭക്തിയിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധി കൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളി യിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു) (വി.ഖു. 9: 108)

ഥാബിത് ഇബ്നു ദ്വഹ്ഹാകിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു:

نَذَرَ رَجُلٌ أنْ يَنْحَرَ إبلاً ببُوَانَةَ، فسأل النبيَ ﷺ فقال: «هَلْ كَانَ فِيهَا وَثَنٌ مِنْ أوْثَانِ الْجَاهِلِيّةِ يُعْبَدُ؟». قالُوا: لاَ. قالَ: فهَلْ كَانَ فِيهَا عِيدٌ مِنْ أعْيَادِهِمْ؟ قالُوا: لاَ. قالَ رسول الله صلى الله عليه وسلم: أوْفِ بنَذْرِكَ فَإنّهُ لاَ وَفَاءَ لِنَذْرٍ فِي مَعْصِيَةِ الله وَلاَ فِيمَا لاَ يَمْلِكُ ابنُ آدَمَ».

‘‘ഒരാൾ ‘ബുവാന’ എന്ന സ്ഥലത്ത് ഒരു ഒട്ടകത്തെ അറുക്കുവാൻ നേർച്ചനേർന്നു. അപ്പോൾ അയാൾ (അതിനെക്കുറിച്ച്) നബിﷺയോട് ചോദിച്ചു. (പ്രവാചകൻ) പറഞ്ഞു: ‘‘ജാഹിലിയ്യത്തിൽ ആ രാധിക്കപ്പെടുന്ന വിഗ്രഹങ്ങളിൽ വല്ലതും അവിടെ ഉണ്ടായിരുന്നു വോ?’’ അവർ പറഞ്ഞു: ഇല്ല. ‘‘എങ്കിൽ അവിടെ അവരുടെ വല്ല

ആഘോഷങ്ങളും ഉണ്ടായിരുന്നുവോ?'' അവർ പറഞ്ഞു: ഇല്ല. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ''താങ്കൾ താങ്കളുടെ നേർച്ച പൂർത്തിയാക്കുക. കാരണം, അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ടുള്ളതിലും ആദമിന്റെ മക്കൾ ഉടമപ്പെടുത്തിയിട്ടില്ലാത്തതിലും നേർച്ച യാതൊരുവിധത്തിലും പൂർത്തിയാക്കേണ്ടതില്ല''[1]

<u>**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**</u>

- ((നബിയേ,) നീ ഒരിക്കലും അതിൽ നമസ്കാരത്തിന് നിൽക്കരുത്......) (വി.ക്വു.9: 108) എന്ന ആയത്തിന്റെ തഫ്സീർ.
- അല്ലാഹുﷻയോടുള്ള ധിക്കാരം ചിലപ്പോൾ ഭൂമിയിൽ സ്വാധീനിച്ചേക്കും; കീഴ്വണക്കവും അപ്രകാരം തന്നെ.
- ആശയക്കുഴപ്പമുള്ള മസ്അലകൾ വ്യക്തമായ മസ്അലകളിലേക്ക് മടക്കണം; ആശയക്കുഴപ്പം നീങ്ങുവാൻവേണ്ടി.
- 'ഫത്വ' പറയുന്നവൻ ആവശ്യമെങ്കിൽ വിശദീകരണം ആവശ്യപ്പെടൽ.
- തടസ്സങ്ങളിൽ നിന്ന് മുക്തമെങ്കിൽ നേർച്ച പൂർത്തീകരിക്കുവാൻ ഒരു സ്ഥലത്തെ പ്രത്യേകമാക്കുന്നതിൽ തെറ്റില്ല.
- ജാഹിലിയ്യത്തിന്റെ വിഗ്രഹങ്ങളിൽ വല്ലതും ഉണ്ടായിരുന്ന സ്ഥലങ്ങളിൽ നേർച്ചപാടില്ല; വിഗ്രഹം അവിടെ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും.
- അമുസ്ലീംകളുടെ ഉത്സവങ്ങൾ ഉണ്ടായാൽ അത്തരം സ്ഥലങ്ങളിൽ നേർച്ചപാടില്ല; ഉത്സവം അവിടെ നിന്ന് ഒഴിവായിട്ടുണ്ടെങ്കിലും.
- അത്തരം സ്ഥലങ്ങളിലേക്ക് നേർന്ന നേർച്ച പൂർത്തീകരിക്കപ്പെടുവാൻ പാടില്ല. കാരണം, പ്രത്യുത നേർച്ച തെറ്റായ നേർച്ചയാണ്.

---

[1] സുനനു അബീദാവൂദ്, ഇബ്നുഹജർ ഹദീഥിന്റെ സനദിനെ 'സ്വഹീഹാ' ക്കിയിട്ടു ്.

- ബഹുദൈവ വിശ്വാസികളോട് അവരുടെ ഉത്സവങ്ങളിൽ സാദൃശ്യം പുലർത്തുന്നതിനെകുറിച്ച് മുന്നറിയിപ്പ്. സാദൃശ്യം പുലർത്തൽ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ശരി.
- തെറ്റായ കാര്യത്തിൽ യാതൊരു നേർച്ചയുമില്ല.
- മനുഷ്യൻ ഉടമപ്പെടുത്താത്തതിലും യാതൊരു നേർച്ചയുമില്ല.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**